ഉത്തരം

(എ) 4566 കുട്ടികൾ

2049 പേർ കോമേഴ്സ്

607 പേർ ഹ്യൂമാനിറ്റീസ്

(ബി) 84720 കുട്ടികൾ

(സി) സയൻസ് ഗ്രൂപ്പിൽ പ്രൈവറ്റായി ചേരാൻ അനുവാദമില്ലാത്തതിനാലാണ് ഹ്യൂമാനിറ്റീസ്, കോമേഴ്സ് ഗ്രൂപ്പുകളിൽ ഇത്ര അധികം വിദ്യാർത്ഥികൾ പ്രൈവറ്റായി ചേരുന്നത്.

വിദ്യാർത്ഥി-അദ്ധ്യാപക അനുപാതത്തിൽ മാറ്റം

30 [1428] ശ്രീമതി ഗിരിജാ സുരേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിദ്യാർത്ഥി-അദ്ധ്യാപക അനുപാതത്തിൽ നിലവിലുള്ളതിൽ നിന്ന് എന്തെങ്കിലും മാറ്റം വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ എന്ത് മാറ്റമാണ് ഉദ്ദേശിക്കുന്നത്.

(ബി) നിലവിലുള്ള അനുപാതം എത്രയാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇക്കാര്യത്തിൽ നിലവിലുള്ള നിയമത്തിൽ മാറ്റം വരുത്താൻ ഉദ്ദേശിക്കുന്നില്ല.

(ബി) നിലവിലുള്ള നിയമപ്രകാരം അദ്ധ്യാപക-വിദ്യാർത്ഥി അനുപാതം 1:45 ആണ്.

സ്കൂൾ വിദ്യാർത്ഥികളുടെ എണ്ണം

31 [1431] ശ്രീ. എ. സി. ഷൺമുഖദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് ജില്ലയിലെ എലത്തൂർ, തലക്കളത്തൂർ, അത്തോളി, ബാലുശ്ശേരി, നന്മണ്ട, പനങ്ങാട്, ഉള്ളിയേരി എന്നീ പഞ്ചായത്തുകളിൽ പ്രൈമറി, അപ്പർ പ്രൈമറി, ഹൈസ്കൂൾ, വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂൾ, പ്ലസ്ടു ഹയർ സെക്കണ്ടറി സ്കൂൾ തുടങ്ങിയവ എത്ര വീതമുണ്ടെന്ന് വെളിപ്പെടുത്താമോ; ഇതിൽ ഗവൺമെന്റ് എത്ര; എയ്ഡഡ് എത്ര;

(ബി) ഓരോ പഞ്ചായത്തിലും എൽ. പി., യു. പി., ഹൈസ്കൂൾ, വൊക്കേഷണൽ, പ്ലസ്ടു സ്കൂൾ വിദ്യാർത്ഥികളുടെ എണ്ണം വെളിപ്പെടുത്താമോ?

LIBRARY ARCHIVES Kerala Legislative Assembly